**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 907** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ മേഖലകളിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികവർഗ്ഗ മേഖലകളിൽ ആരംഭിച്ചിട്ടുള്ളതും പൂർത്തീകരിക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് അനുവദിച്ചിരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, വിവിധ വർഷങ്ങളിലെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, കെട്ടിട നിർമ്മാണം എന്നിവയിൽ ഉൾപ്പെട്ട ചില പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. ഈ വിഷയം സംബന്ധിച്ച് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ രണ്ട് അവലോകനയോഗം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | വനം വകുപ്പിന്റെ അനുമതി യഥാസമയം ലഭ്യമാകാത്തത്, നിർവ്വഹണ ഏജൻസികളുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്ന കാലതാമസം, നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിവിധ കാരണങ്ങളാൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള കാലതാമസം, മറ്റ് സാങ്കേതിക തടസ്സങ്ങൾ എന്നിവയാണ് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ. പൂർത്തീകരിയ്ക്കാത്ത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തികരിക്കുന്നതിന് നടപടി സ്വകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ